## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2786. 12.10.2011-ൽ മറുപടിക്ക്

## കുടിയേറ്റ തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |

(എ) അന്യസംസ്ഥാനക്കാരായ കുടിയേറ്റ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയിൽ നാളിതുവരെ എത്ര പേരാണ് രജിസ്റ്റർ ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 07.10.2011വരെ 17085 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 1810
കൊല്ലം - 312
പത്തനംതിട്ട - 1226
ആലപ്പുഴ - 1137
കോട്ടയം - 1284
ഇടുക്കി - 592
എറണാകുളം - 3174
തൃശ്ശൂർ - 1117
പാലക്കാട് -1661
മലപ്പുറം - 795
കോഴിക്കോട് - 455
വയനാട് - 316
കണ്ണൂർ -1598
കാസർഗോഡ് - 1608

(ബി) ഇവർക്കായി എത്ര ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു; എവിടങ്ങളിലൊക്കെയെന്നും എത്ര പേർ വീതം പങ്കെടുത്തുവെന്നും വിശദമാക്കുമോ;

(ബി) 2011-ൽ നടത്തിയ സെമിനാറുകളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്ട്രേഷനിലും ക്ഷേമനിധിയിലും ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) അന്യസംസ്ഥാന തൊഴിലാളികൾക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ ഒരു ക്ഷേമ പദ്ധതി കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടെയും വിവരം ശേഖരിക്കുകയും അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യുന്ന നടപടി പുരോഗമിച്ചു വരുന്നു. കെൽട്രോണിന്റെ സഹായത്തോടെ തൊഴിൽ വകുപ്പും നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡും ആണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കുടിയേറ്റ തൊഴിലാളികൾ പണിയെടുക്കുന്ന സൈറ്റുകളിൽ വച്ചു തന്നെ അവരെ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തുകയും അനന്തര നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

കൊല്ലം റീജിയൺ

| | | | |
|---|---|---|---|
| 1 | തൈക്കാട് ഗസ്റ്റ് ഹൗസ്, | തിരുവനന്തപുരം | 1000 |
| 2 | മാധവ വിലാസം ആഡിറ്റോറിയം | കഴക്കൂട്ടം | 300 |
| 3 | പഞ്ചായത്ത് ലൈബ്രറി ഹാൾ | കണ്ണനല്ലൂർ, കൊല്ലം | 230 |
| 4 | സെന്റ് ജോസഫ് ഹൈസ്കൂൾ, | ശക്തികുളങ്ങര, കൊല്ലം | 135 |
| 5 | രാജാരോഹിണി ആഡിറ്റോറിയം | പുനലൂർ, കൊല്ലം | 170 |
| 6 | റോട്ടറി ക്ലബ് | പുത്തൂർ, കൊല്ലം | 135 |
| 7 | സഹകരണ സംഘം ഹാൾ | അരൂർ, ആലപ്പുഴ | 98 |
| 8 | ഗ്രാമപഞ്ചായത്ത് ഹാൾ, ചേന്നം പള്ളിപ്പുറം | ചേർത്തല, ആലപ്പുഴ | 62 |

എറണാകുളം റീജിയൺ

| | | |
|---|---|---|
| 1 | എറണാകുളം (6 സെമിനാർ) | 1594 |
| | 1. ഡി.എൽ.എഫ് സതേൺ ടൗൺ പ്രൈവറ്റ് ലിമറ്റിഡ്, ചിറ്റേത്തുകര, കാക്കനാട്<br>2. പുറവൻകര പ്രോജക്ട് ലിമിറ്റഡ്, അത്താണി, കാക്കനാട്<br>3. ലുലു ഇന്റർനാഷണൽ ലിമിറ്റഡ്, ഇടപ്പള്ളി, എറണാകുളം<br>4. മുൻസിപ്പൽ കമ്മ്യൂണിറ്റി ഹാൾ, തൃക്കാക്കര<br>5. പ്രെസ്റ്റീജ് എസ്റ്റേറ്റ് പ്രോജക്ട്, മറൈൻ ഡ്രൈവ്, എറണാകുളം<br>6. വൈ.എം.സി.എ.ആഡിറ്റോറിയം, ഒക്കൽ, കാലടി, എറണാകുളം | |

| | | |
|---|---|---|
| 2 | കോട്ടയം (1 സെമിനാർ) | 100 |
| | 7. ആർക്കേഡിയ ഹോട്ടൽ, കോട്ടയം | |

| | | |
|---|---|---|
| 3 | ഇടുക്കി (1 സെമിനാർ) | 89 |
| | 8. അർബൻ ബാങ്ക് ഓഡിറ്റോറിയം, തൊടുപുഴ ഇടുക്കി | |

| | | |
|---|---|---|
| 4 | തൃശ്ശൂർ (1 സെമിനാർ) | 239 |
| | 9. ശോഭ സിറ്റി, പുഴയ്ക്കൽ, തൃശ്ശൂർ. | |

| | | |
|---|---|---|
| 5 | പാലക്കാട് (2 സെമിനാർ) | 605 |
| | 10. വിക്ടോറിയ കോളേജ്, പാലക്കാട്<br>11. പുതുശ്ശേരി കല്യാണ മണ്ഡപം, പാലക്കാട് | |

കോഴിക്കോട് റീജിയൺ

| | | |
|---|---|---|
| 1 | കോഴിക്കോട് (2 സെമിനാർ) | 356 |
| | 12. ഫറൂഖ്, കോഴിക്കോട്<br>13. ഫറൂഖ്, കോഴിക്കോട് | |

| | | |
|---|---|---|
| 2 | മലപ്പുറം (2 സെമിനാർ) | 329 |



Secretary (signature)

| | | |
|---|---|---|
| | 14. കൊണ്ടോട്ടി<br>15. തിരൂരങ്ങാടി | |

| | | |
|---|---|---|
| 1 | വയനാട് (1 സെമിനാർ) | 121 |
| | 16. മാനന്തവാടി | |

| | | |
|---|---|---|
| 1 | കാസർഗോഡ് (1 സെമിനാർ) | 115 |
| | 17. കാഞ്ഞങ്ങാട് | |

| | | |
|---|---|---|
| 1 | കണ്ണൂർ (2 സെമിനാർ) | 290 |
| | 18. തലശ്ശേരി<br>19. പാപ്പിനിശ്ശേരി | |

സെക്ഷൻ ഓഫീസർ